**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1960** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചെറുവാഞ്ചേരി സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നാട്ടുകാരിൽ നിന്നും പണം സ്വരൂപിച്ച് ജനകീയ കമ്മിറ്റി വാങ്ങി നല്കിയ സ്ഥലത്ത് ബജറ്റിൽ നിന്നും അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കൂത്ത്പറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04.01.2023-ലെ സ.ഉ. (സാധാ) നം. 13/2023/കാ.യു.വ. പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഇൻഡോർ കോർട്ട്, റീട്ടെയിനിംഗ് വാൾ, നടപ്പാത, ഇന്റർലോക്ക്, ഓപ്പൺ സ്റ്റേജ്, ഡ്രെയിൻ, ബോർ വെൽ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 28% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കൂത്ത്പറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04.01.2023-ലെ സ.ഉ. (സാധാ) നം. 13/2023/കാ.യു.വ. പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന |

| | | | |
|---|---|---|---|
| | | | കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഇൻഡോർ കോർട്ട്, റീട്ടൈനിംഗ് വാൾ, നടപ്പാത, ഇന്റർലോക്ക്, ഓപ്പൺ സ്റ്റേജ്, ഡ്രെയിൻ, ബോർ വെൽ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 28% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (സി) | സ്റ്റേഡിയം യാഥാർത്ഥ്യമാവുന്നതോടെ പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | സ്റ്റേഡിയം യാഥാർത്ഥ്യമാവുന്നതോടെ ബാസ്കറ്റ് ബോൾ, വോളീബോൾ, ബാഡ്മിന്റൺ എന്നിവ അടങ്ങുന്ന മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട് പൊതു ജനങ്ങൾക്ക് ലഭ്യമാവുന്നതാണ്. |
| (ഡി) | സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ബാക്കിവരുന്ന സ്ഥലത്ത് മറ്റ് സ്പോർട്സ് കോർട്ടുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (ഡി) | പ്രൊപ്പോസൽ ലഭ്യമായിട്ടില്ലാത്തതിനാൽ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ